## ആലപ്പുഴ ജില്ലാ കളക്ടറുടെ നടപടിക്രമം
(ഹാജർ : എ. അലക്സാണ്ടർ, ഐ.എ.എസ്)

---

ജി3–19827/2018 തീയതി : 06.11.2021

---

വിഷയം :– ഭൂമി ഏറ്റെടുക്കൽ – അമ്പലപ്പുഴ താലൂക്ക്– ജില്ലാ കോടതി പാലം പുനർ നിർമ്മാണം– മുല്ലക്കൽ വില്ലേജ് സർവ്വെ നം.21/13 കൂടി ഉൾപ്പെടുത്തി ഉത്തരവാകുന്നത്.

വായന :– 1. ഈ കാര്യാലയത്തിലെ 24.07.2020 തീയതിയിലെ ഇതേ നമ്പർ നടപടിക്രമം
2. GO(Rt) No.1388/2019/RD. Dated 31.05.2019.
3.അസാധാരണ ഗസറ്റ് നം.2402 തീയതി.2020 ഒക്ടോബർ 13.
4.സ്പെ.തഹസിൽദാർ.എൽ.എ.യൂണീറ്റ്–II,കിഫ്ബി,ചേർത്തലയുടെ 25.10.2021 ലെ എ1/27/2020 നം റിപ്പോർട്ട്

=================================

ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ പുനർ നിർമ്മിക്കുന്ന ജില്ലാ കോടതി പാലത്തിൻെറ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിൽ മുല്ലക്കൽ വില്ലേജിലെ 01.13.33 ഹെക്ടർ (280 സെൻറ്) ഭൂമി ഏറ്റെടുക്കുന്നതുനായി സൂചന പ്രകാരം സർക്കാർ ഉത്തരവായിരുന്നു.തുടർന്ന് ഏറ്റെടുക്കുന്ന ഭൂമിയുടെ സർവ്വെ നം ഉൾപ്പെടുത്തി സൂചന (3) പ്രകാരം പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

എന്നാൽ സൂചന (4) പ്രകാരം എൽ.എ.ഒ. ആയ സ്പെ.തഹസിൽദാർ. എൽ.എ.യൂണീറ്റ്–II,കിഫ്ബിയുടെ റിപ്പോർട്ടിൽ സർക്കാർ ഉത്തരവിൽ ഏറ്റെടുക്കുന്നതിന് ഉൾപ്പെട്ട് വന്നിട്ടുള്ള മുല്ലക്കൽ വില്ലേജിൽ സർവ്വെ നം 21/13 പ്രാരംഭ വിജ്ഞാപത്തിൽ ഉൾപ്പെട്ടു വന്നിട്ടില്ലായെന്നും ടി സാഹചര്യത്തിൽ 21/13 ന് വേണ്ടി അനുബന്ധം ആയി പ്രാരംഭ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനായി ഫാറം 7 കരട് തയ്യാറാക്കി നൽകിയിട്ടുള്ള തും ടി വസ്തു കൂടി ഉൾപ്പെടുത്തി പ്രാരംഭ വിജ്ഞാപനം പുറപ്പെടുവിക്കുന്നത് മൂലം സർക്കാർ ഉത്തരവിലെ ആകെ വിസ്തീർണ്ണമായ 113.33 ആർസിൽ അധികരിക്കുന്നില്ലായെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.സർവ്വെ 21/13 ൽ പെട്ട വസ്തു Form No.4 ലെ വിജ്ഞാപനത്തിൽ ഉൾപ്പെട്ട വന്നിട്ടുള്ളതും ആയത് സാമൂഹ്യ ആഘാത പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ അമ്പലപ്പുഴ താലൂക്കിൽ പുനർ നിർമ്മിക്കുന്ന ജില്ലാ കോടതി പാലത്തിൻെറ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിൽ മുല്ലക്കൽ വില്ലേജിൽ സർവ്വെ നം 21/13 ൽ പെട്ട 14.18 ആർസ് വസ്തു കൂടി ഉൾപ്പെടുത്തി ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരി

ക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു. ആയതിന് ആവശ്യമായ നടപടികൾ ലാൻറ് അക്വിസിഷൻ ആഫീസർ സ്വീകരിക്കേണ്ടതാണ്.

LARR ആക്ട്, 2013 പ്രകാരമുള്ള പുനരധിവാസ പാക്കേജിന് ബന്ധപ്പെട്ട സ്ഥലമുടമകൾ അർഹരാണെങ്കിൽ ആയത് അർത്ഥനാധികാരിയുടെ അഭിപ്രായം കൂടി പരിഗണനയിലെടുത്ത്, സ്പെഷ്യൽ തഹസിൽദാർ, എൽ.എ.യൂണിറ്റ്-2, കിഫ്ബി, ആലപ്പുഴ യെ പാക്കേജ് തയ്യാറാക്കി സമർപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

ജില്ലാ കളക്ടർ

പകർപ്പ്

1. സ്പെഷ്യൽ തഹസിൽദാർ, എൽ.എ.യൂണിറ്റ്-2, കിഫ്ബി, ആലപ്പുഴ, ചേർത്തല - (LARR ആക്ട്, LARR റൂൾസ് എന്നിവ പ്രകാരം ഉത്തരവിന്റെ പകർപ്പ് നിയമാനുസൃതം പരസ്യപ്പെടുത്തി സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്)
2. എക്സി.എഞ്ചിനിയർ, കെ.ആർ.എഫ്.ബി-പി.എം.യു., ആലപ്പുഴ
3. ജില്ലാ ഇൻഫർമാറ്റിക്ക് ഓഫീസർ, എൻ.ഐ.സി, ആലപ്പുഴ - (ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്)
4. കരുതൽ ഫയൽ